**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2193** **01-09-2022 - ൽ മറുപടിയ്ക്ക്**

**റേഷൻ മുൻഗണന പട്ടിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | റേഷൻ മുൻഗണന പട്ടികയിൽ നിന്നും അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായോ എന്ന് വിശദമാക്കുമോ; | (എ) | മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്നതിനായി തദ്ദേശസ്വയംഭരണ, മോട്ടോർവാഹന വകുപ്പുകളിൽ നിന്നുള്ള ഡേറ്റയുമായി ആർ.സി.എം.എസ് ഡാറ്റ മാപ്പിംഗ് നടത്തിയും എ.എ.വൈ/പി.എച്ച്.എച്ച് വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കിയും ആധാർ ലിങ്ക് ചെയ്യാത്തതോ ഒരംഗം മാത്രമുള്ളതോ ആയ മുൻഗണനാ റേഷൻകാർഡുകൾ പരിശോധനയ്ക്ക് വിധേയമാക്കിയും എ.എ.വൈ, പി.എച്ച്.എച്ച് വിഭാഗത്തിൽപ്പെട്ട കാർഡുകളുടെ അർഹത പുന:പരിശോധിച്ചും അനർഹരെ കണ്ടെത്തി വരുന്നുണ്ട്. 17.06.2021 – ലെ 252/2021/ ഭ.പൊ.വി.വ നമ്പർ സർക്കാർ ഉത്തരവു പ്രകാരം അനർഹമായി മുൻഗണനാ റേഷൻ കാർഡ് കൈവശം വച്ചിരുന്നവർക്ക് 2021 ജൂലൈ 31 വരെ പിഴ കൂടാതെ സറണ്ടർ ചെയ്യുന്നതിന് അവസരം നൽകുകയും 2022 മാർച്ച് വരെ അനർഹമായ കാർഡുകൾ സറണ്ടർ ചെയ്തവരെ പിഴയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു. അനർഹമായി മുൻഗണനാ കാർഡ് കൈവശം വച്ചിരിക്കുന്നവരുടെ വിവരം, 9495998223 എന്ന ഫോൺ നമ്പറിൽ നൽകുന്നതിനായി പൊതുജനങ്ങൾക്ക് അറിയിപ്പ് നൽകിയിരുന്നു.<br><br>പി.ഡി.എസ് കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ ഫീൽഡ് പരിശോധനയിലൂടെയും മറ്റും അനർഹരെ കണ്ടെത്തി ഒഴിവാക്കുന്ന നടപടികൾ തുടരുന്നതാണ്. ഇതിനുപുറമെ മുൻഗണനേതര അനർഹരെ കണ്ടെത്തുന്നതിനായി '**ഓപ്പറേഷൻ യെല്ലോ**' എന്ന |

| | | | |
|---|---|---|---|
| | | | പേരിൽ ഒരു പരിപാടി ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>അനർഹമായി മുൻഗണന റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്ന വ്യക്തികളുടെ പേരിൽ കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ - ലെ ഖണ്ഡിക 11 പ്രകാരം താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുന്നതായിരിക്കും.<br><br>1. നിയമത്തിലെ സെക്ഷൻ 9 പ്രകാരമുള്ള ക്രിമിനൽ നടപടികൾ.<br><br>2. കേന്ദ്ര / സംസ്ഥാന സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ സഹകരണ മേഖല/ സർക്കാർ സഹായത്തോടെയുള്ള സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർ അനർഹമായി കാർഡുകൾ കൈവശം വച്ചിട്ടുണ്ടെങ്കിൽ അവർക്കെതിരായ വകുപ്പുതല അച്ചടക്ക നടപടികൾ.<br><br>3. റേഷൻ കാർഡ് റദ്ദാക്കൽ.<br><br>4. കാലാകാലങ്ങളിൽ സർക്കാർ തീരുമാനിച്ച കമ്പോള നിരക്കിൽ സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം വീണ്ടെടുക്കൽ.<br><br>സംസ്ഥാനത്ത് മുൻഗണന ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് എത്ര അനർഹർ ഇത്തരത്തിൽ മുൻഗണന ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടു എന്ന് ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ; | (ബി) | ക്ലോസ്(എ)യുടെ മറുപടി കണ്ടാലും. |
| (സി) | ഇനിയും എത്ര അനർഹരായ കാർഡുടമകൾ മുൻഗണന ലിസ്റ്റിൽ നിലനിൽക്കുന്നു എന്ന് ജില്ല തിരിച്ച് അറിയിക്കാമോ; | (സി) | ക്ലോസ് (എ)യുടെ മറുപടി കണ്ടാലും. |
| (ഡി) | ഇവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുന്നത് എന്ന് പറയാമോ? | (ഡി) | ക്ലോസ്(എ)യുടെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ

# **അനുബന്ധം**

| **ജില്ല** | **AAY** | **PHH** |
|---|---|---|
| തിരുവനന്തപുരം | 2316 | 8669 |
| കൊല്ലം | 1167 | 6396 |
| ആലപ്പുഴ | 1338 | 5900 |
| പത്തനംതിട്ട | 971 | 3750 |
| കോട്ടയം | 1092 | 4533 |
| ഇടുക്കി | 593 | 2914 |
| എറണാകുളം | 1420 | 8584 |
| തൃശ്ശൂർ | 8897 | 40746 |
| പാലക്കാട് | 1162 | 9549 |
| കോഴിക്കോട് | 1097 | 8091 |
| മലപ്പുറം | 1923 | 18814 |
| വയനാട് | 606 | 1815 |
| കണ്ണൂർ | 922 | 5858 |
| കാസർകോട് | 1690 | 5004 |
| **ആകെ** | **25194** | **130623** |